176/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. മംഗൾയാൻ ദൗത്യം ലക്ഷ്യമിട്ട ഗ്രഹം ഏത്?

(A) ശുക്രൻ (B) വ്യാഴം

(C) ചൊവ്വ (D) ബുധൻ

2. ആകാശവാണി ആരംഭിച്ച വർഷമേത്?

(A) 1946 (B) 1936

(C) 1963 (D) 1964

3. ചട്ടമ്പിസ്വാമികൾ പരിഷ്ക്കരണ പ്രവർത്തനം നടത്തിയ കേരളീയ സമുദായം :

(A) നായർ (B) ഈഴവ

(C) നമ്പൂതിരി (D) ഹരിജനങ്ങൾ

4. ഇന്ത്യയുടെ ദേശീയ വൃക്ഷം ഏത്?

(A) അരയാൽ (B) പേരാൽ

(C) കണിക്കൊന്ന (D) മഹാഗണി

5. ഇന്ത്യൻ വിപ്ലവങ്ങളുടെ മാതാവ് എന്നറിയപ്പെടുന്ന വ്യക്തി :

(A) ഝാൻസി റാണി (B) സരോജിനി നായിഡു

(C) ആനിബസന്റ് (D) മാഡംകാമ

6. ഇരവികുളം ദേശീയ പാർക്ക് ഏത് മൃഗസംരക്ഷണ കേന്ദ്രമായി അറിയപ്പെടുന്നു?

(A) സിംഹവാലൻ കുരങ്ങ് (B) വരയാട്

(C) കടുവ (D) ആന

7. കേരളത്തിലെ ലോകസഭാ മണ്ഡലങ്ങളുടെ എണ്ണം :

(A) 140 (B) 9

(C) 25 (D) 20

8. ഇംഗ്ലീഷിൽ ഗാന്ധിജി ആരംഭിച്ച വാരികയുടെ പേര് :

(A) നവജീവൻ (B) ഹരിജൻ

(C) യംഗ് ഇന്ത്യ (D) ബംഗാൾ ഗസറ്റ്

9. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണത്തിന് നിയമിതമായ കമ്മീഷൻ :

(A) ഫസൽ അലി കമ്മീഷൻ
(B) കോത്താരി കമ്മീഷൻ
(C) മണ്ഡൽ കമ്മീഷൻ
(D) രാധാകൃഷ്ണൻ കമ്മീഷൻ

10. ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തകനായ പി.എൻ. പണിക്കരുടെ ജന്മസ്ഥലം ഏത്?

(A) കോട്ടയം
(B) കൊല്ലം
(C) ആലപ്പുഴ.
(D) പത്തനംതിട്ട

11. ഭാരതരത്ന ലഭിക്കുന്ന ആദ്യ കായികതാരം ഏത്?

(A) മഹേന്ദ്രസിംഗ് ധോണി
(B) ക്രിസ്ഗെയ്ൽ
(C) വിരാട് കോലി
(D) സച്ചിൻ ടെണ്ടുൽക്കർ

12. 'ലാഭപ്രഭ' ഏതുമായി ബന്ധപ്പെട്ട പദ്ധതിയാണ്?

(A) വ്യാപാരം
(B) വൈദ്യുതി
(C) ജലവിതരണം
(D) ഗതാഗതം

13. ഏത് രാജ്യത്തിന്റെ സഹായത്തോടെയാണ് റൂർക്കല ഉരുക്കു നിർമ്മാണശാല ഇന്ത്യയിൽ സ്ഥാപിച്ചത്?

(A) റഷ്യ
(B) ബ്രിട്ടൻ
(C) അമേരിക്ക
(D) ജർമ്മനി

14. ഇന്ത്യയിൽ ആദ്യമായി അണുവിസ്ഫോടനം നടത്തിയ വർഷം :

(A) 1971
(B) 1974
(C) 1977
(D) 1972

15. പക്ഷിപാതാളം സ്ഥിതിചെയ്യുന്ന ജില്ല :

(A) പത്തനംതിട്ട
(B) ഇടുക്കി
(C) വയനാട്
(D) കോട്ടയം

16. കേരളത്തിലെ ഏക വൻകിട തുറമുഖം ഏത്?

(A) വിഴിഞ്ഞം
(B) കൊച്ചി
(C) നീണ്ടകര
(D) പൊന്നാനി

17. സഹോദരൻ അയ്യപ്പൻ രൂപം നൽകിയ സാംസ്കാരിക സംഘടന ഏത്?

(A) യുക്തിവാദി
(B) വിദ്യാപോഷിണി
(C) പുലയമഹാസഭ
(D) ഉണ്ണിനമ്പൂതിരി

18. ശ്രീനാരായണഗുരുവിന്റെ സന്ദേശം പ്രചരിപ്പിച്ച പത്രം :

(A) മാതൃഭൂമി
(B) മലയാള മനോരമ
(C) കേരള കൗമുദി
(D) ദീപിക

19. പള്ളിവാസൽ പദ്ധതി ഏത് നദിയിലാണ്?

(A) മുതിരപ്പുഴ
(B) ചാലക്കുടിപ്പുഴ
(C) പമ്പ
(D) കല്ലടയാറ്

20. എന്തിനെതിരെയായിരുന്നു നിവർത്തനപ്രക്ഷോഭം ആരംഭിച്ചത്?

(A) സാമ്പത്തിക പരിഷ്കരണം
(B) സാമൂഹ്യ പരിഷ്കരണം
(C) ഭരണഘടനാ പരിഷ്കരണം
(D) ഇവയൊന്നുമല്ല

21. 2013-ൽ രൂപം കൊണ്ട കേരള ഗ്രാമീൺ ബാങ്കിന്റെ ആസ്ഥാനം :

(A) കണ്ണൂർ
(B) മലപ്പുറം
(C) കോട്ടയം
(D) തിരുവനന്തപുരം

22. പാമ്പുകൾക്ക് മാളമുണ്ട് എന്ന ഗാനത്തിന്റെ സംഗീതസംവിധാനം നിർവ്വഹിച്ചതാര്?

(A) ശ്രീകുമാരൻ തമ്പി
(B) കൈതപ്രം ദാമോദരൻ നമ്പൂതിരി
(C) എം.ജി. രാധാകൃഷ്ണൻ
(D) കെ. രാഘവൻ മാസ്റ്റർ

23. ഇന്ത്യയിലെ ആദ്യത്തെ സായാഹ്ന ദിനപത്രമേത്?

(A) മദ്രാസ് മെയിൽ
(B) ബംഗാൾ ഗസറ്റ്
(C) ബോംബെ സമാചാർ
(D) കൽക്കത്താ ജനറൽ അഡ്വൈസർ

24. ഇന്ത്യക്ക് സമീപമുള്ള ഏറ്റവും ചെറിയ രാജ്യമേത്?

(A) നേപ്പാൾ
(B) ശ്രീലങ്ക
(C) ഭൂട്ടാൻ
(D) പാക്കിസ്ഥാൻ

25. ദേശീയപതാകയിലെ നിറങ്ങൾ മുകളിൽ നിന്ന് താഴോട്ട് യഥാക്രമം :

(A) കുങ്കുമം, വെള്ള, പച്ച
(B) പച്ച, വെള്ള, കുങ്കുമം
(C) കുങ്കുമം, പച്ച, വെള്ള
(D) വെള്ള, കുങ്കുമം, പച്ച

26. ഗാന്ധിജിയുടെ ആദ്യപുസ്തകം 'ഹിന്ദുസ്വരാജ്' എഴുതപ്പെട്ട ഭാഷയേത്?

(A) ഹിന്ദി
(B) ഇംഗ്ലീഷ്
(C) മറാത്തി
(D) ഗുജറാത്തി

27. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ആദ്യമായി പിളർന്നത് ഏത് സമ്മേളനത്തിൽ വച്ചാണ്?

(A) ബോംബെ
(B) കൽക്കത്ത
(C) നാഗപ്പൂർ
(D) സൂറത്ത് .

28. ദേശീയ മനുഷ്യാവകാശ കമ്മീഷൻ രൂപീകരിച്ച വർഷം :

(A) 1957
(B) 1983
(C) 1993
(D) 2011

29. ദേശീയചിഹ്നത്തിന്റെ ചുവട്ടിലായി കാണുന്ന 'സത്യമേവ ജയതേ' എന്ന വാക്യം എടുത്തിട്ടുള്ളത് ഏത് ഗ്രന്ഥത്തിൽ നിന്ന്?

(A) ഭഗവത്ഗീത
(B) മുണ്ഡകോപനിഷത്ത് .
(C) മഹാഭാരതം
(D) കേനോപനിഷത്ത്

30. ''ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ
ക്ഷണമെഴുന്നേൽപ്പിൻ അനീതിയോടെതിർപ്പിൻ''
- ആരുടെ വാക്കുകളാണിവ?

(A) ശ്രീനാരായണഗുരു
(B) വി.ടി. ഭട്ടതിരിപ്പാട്
(C) വാഗ്ഭടാനന്ദൻ
(D) ചട്ടമ്പിസ്വാമികൾ

31. ദക്ഷിണ റെയിൽവേയുടെ ആസ്ഥാനമേത്?

(A) ചെന്നൈ
(B) കൊൽക്കത്ത
(C) ഭുവനേശ്വർ
(D) ജയ്പൂർ

32. താഴെ പറയുന്നവയിൽ തൃതീയ മേഖലയിൽ ഉൾപ്പെട്ടത് :

(A) വ്യവസായം
(B) കെട്ടിട നിർമ്മാണം
(C) ഖനനം
(D) ബാങ്കിംഗ്

33. വിവരാവകാശ നിയമമനുസരിച്ച് വിവരങ്ങൾ നൽകേണ്ട സമയപരിധി :

(A) 30 ദിവസം
(B) 20 ദിവസം
(C) 14 ദിവസം
(D) 2 മാസം

34. ദേശീയഗാനം രചിക്കപ്പെട്ട ഭാഷ ഏത്?

(A) ഗുജറാത്തി
(B) ഹിന്ദി
(C) ബംഗാളി
(D) സംസ്കൃതം

35. ഭരണഘടനയുടെ സംരക്ഷകൻ എന്നറിയപ്പെടുന്നത് :

(A) പാർലമെന്റ്
(B) സുപ്രീംകോടതി
(C) ക്യാബിനറ്റ്
(D) ആസൂത്രണ കമ്മീഷൻ

36. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം :

(A) 798
(B) 784
(C) 978
(D) 987

37. അനർട്ടിന്റെ ആസ്ഥാനം :

(A) തിരുവനന്തപുരം
(B) എറണാകുളം
(C) പത്തനംതിട്ട
(D) കണ്ണൂർ

38. മാതൃഭൂമി ദിനപത്രം പ്രസിദ്ധീകരണം ആരംഭിച്ചത് എവിടെ വച്ച്?

(A) കോഴിക്കോട്
(B) കൊച്ചി
(C) തൃശ്ശൂർ
(D) തിരുവനന്തപുരം

39. അയ്യങ്കാളി സാധുജനപരിപാലന സംഘം ആരംഭിച്ച വർഷമേത്?

(A) 1910
(B) 1907
(C) 1908
(D) 1909

40. മലയാള സർവ്വകലാശാലയുടെ ആസ്ഥാനം എവിടെ?

(A) കാലടി
(B) തൃശ്ശൂർ
(C) തിരൂർ
(D) കൊച്ചി

41. 1925 ൽ കേന്ദ്ര നിയമ നിർമ്മാണസഭയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സ്വരാജ് പാർട്ടി അംഗം :

(A) മോട്ടിലാൽ നെഹ്റു
(B) സി.ആർ. ദാസ്
(C) വല്ലഭായി പട്ടേൽ
(D) വിത്തൽ ഭായി പട്ടേൽ

42. 'ഓപ്പറേഷൻ ബ്ലൂസ്റ്റാർ' ബന്ധപ്പെട്ടിരിക്കുന്നത് :

(A) നാട്ടു രാജ്യങ്ങളുടെ സംയോജനം
(B) സിഖ് രാഷ്ട്ര സ്ഥാപനം
(C) ആണവ പരീക്ഷണം
(D) ഇവയൊന്നുമല്ല

43. 2013 ലെ വയലാർ അവാർഡ് കരസ്ഥമാക്കിയ 'ശ്യാമമാധവം' എന്ന കൃതിയുടെ കർത്താവ് ആര്?

(A) പ്രഭാവർമ്മ
(B) മധുസൂദനൻ നായർ
(C) മുരുകൻ കാട്ടാക്കട
(D) റോസ് മേരി

44. കാണ്ട്ല തുറമുഖം സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) ഒറീസ്സ

(B) തമിഴ്നാട്

(C) ഗോവ

(D) ഗുജറാത്ത്

45. 'സാങ്പോ' എന്ന പേരിലറിയപ്പെടുന്ന ഇന്ത്യയിലെ നദിയേത്?

(A) ഗംഗ

(B) യമുന

(C) ബ്രഹ്മപുത്ര

(D) സിന്ധു

46. ഇന്ത്യയിൽ ഇടക്കാല മന്ത്രിസഭ അധികാരത്തിൽ വന്നതെപ്പോൾ?

(A) 1946 ഒക്ടോബർ 2

(B) 1946 സെപ്തംബർ 2

(C) 1947 ആഗസ്റ്റ് 15

(D) 1945 സെപ്തംബർ 15

47. ഭരണഘടനയുടെ 19-ാം അനുച്ഛേദം പൗരാവകാശത്തെ എത്രയായി തിരിച്ചിരിക്കുന്നു?

(A) 8

(B) 12

(C) 6

(D) 10

48. ഇന്ത്യയുടെ ദേശീയപതാക ആദ്യമായി ഉയർത്തിയത് :

(A) ഗ്രീൻ പാർക്കിൽ

(B) ചെങ്കോട്ടയിൽ

(C) അമൃതസറിൽ

(D) ഹരിദ്വാറിൽ

49. കേരളത്തിൽ കിഴക്കോട്ട് ഒഴുകുന്ന നദിയേത്?

(A) ഭാരതപ്പുഴ

(B) പെരിയാർ

(C) പമ്പ

(D) ഭവാനി

50. 'കയർ' എന്ന നോവലിൽ പ്രതിപാദിക്കുന്ന കേരളത്തിലെ പ്രദേശം :

(A) പാലക്കാട്

(B) ഇടുക്കി

(C) കുട്ടനാട്

(D) വയനാട്

51. കേരളസിംഹം എന്ന് വിശേഷിപ്പിക്കുന്നത് ആരെ?

(A) പഴശ്ശിരാജ

(B) കുഞ്ഞാലിമരക്കാർ

(C) വേലുത്തമ്പി ദളവ

(D) പാലിയത്തച്ചൻ

52. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധ ജല തടാകമേത്?

(A) അഷ്ടമുടി കായൽ

(B) വേമ്പനാട്ടു കായൽ

(C) പൂക്കോട് തടാകം

(D) ശാസ്താംകോട്ട കായൽ

53. താഴെ പറയുന്നവയിൽ ഏതിലൂടെയായിരുന്നു ദേശീയ രാഷ്ട്രീയത്തിലേക്ക് ഗാന്ധിജിയുടെ പ്രവേശനം?

(A) നിസ്സഹകരണ പ്രസ്ഥാനം
(B) ബർദൗളി സത്യാഗ്രഹം
(C) ചമ്പാരൻ സത്യാഗ്രഹം
(D) ദണ്ഡിമാർച്ച്

54. പ്രാർത്ഥനാ സമാജം സ്ഥാപിച്ചതാര്?

(A) കേശവ ചന്ദ്രസെൻ
(B) ആത്മാറാം പാണ്ഡുരങ്ക്
(C) രാജാറാം മോഹൻ റോയ്
(D) ദയാനന്ദസരസ്വതി

55. താരപ്പൂർ ആണവനിലയം സ്ഥിതിചെയ്യുന്ന സംസ്ഥാനം :

(A) ഉത്തർപ്രദേശ്
(B) മഹാരാഷ്ട്ര
(C) പശ്ചിമബംഗാൾ
(D) ഒറീസ്സ

56. കേരളത്തിൽ സ്വകാര്യമേഖലയിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതി :

(A) പള്ളിവാസൽ
(B) ചെങ്കുളം
(C) കുത്തുങ്കൽ
(D) കല്ലട

57. അന്യായമായി തടവിലാക്കപ്പെട്ട ഒരാളെ വിട്ടുകിട്ടുന്നതിനായി കോടതിയിൽ സമർപ്പിക്കുന്ന റിട്ട് ഏത് പേരിലറിയപ്പെടുന്നു?

(A) മാൻഡമസ്
(B) സെർഷ്യോററി
(C) ക്വോവാറാന്റോ
(D) ഹേബിയസ് കോർപസ്

58. മാപ്പിള ലഹളയുടെ താൽക്കാലിക വിജയത്തിനുശേഷം ഭരണാധിപനായി അവരോധിക്കപ്പെട്ടതാര്?

(A) കളത്തിങ്കൽ മുഹമ്മദ്
(B) അലി മുസലിയാർ
(C) വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി
(D) വക്കം മൗലവി

59. ആന്ധ്രാപ്രദേശിൽ സ്ഥിതിചെയ്യുന്ന താപവൈദ്യുത നിലയമാണ് :

(A) കവാസ്
(B) രാമഗുണ്ടം
(C) ഫറാക്ക
(D) സിപാറ്റ്

60. വി.ടി. ഭട്ടതിരിപ്പാട് രചിച്ച ഗ്രന്ഥം :

(A) കേരളം മലയാളികളുടെ മാതൃഭൂമി
(B) ജാതി വ്യവസ്ഥയും കേരള ചരിത്രവും
(C) അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്
(D) ഇവയൊന്നുമല്ല

61. ഫൈബർ ഒപ്റ്റിക്സിന്റെ പ്രവർത്തനത്തിന് അടിസ്ഥാനമായ പ്രതിഭാസം ഏത്?

(A) പൂർണ്ണാന്തര പ്രതിപതനം
(B) അപവർത്തനം
(C) പ്രകീർണ്ണനം
(D) ഡിഫ്രാക്ഷൻ

62. അയിരിൽ അടങ്ങിയിരിക്കുന്ന മാലിന്യങ്ങളെ അറിയപ്പെടുന്ന പേര് എന്ത്?

(A) ഗാങ്
(B) ഫ്ലക്സ്
(C) സ്ലാഗ്
(D) ധാതു

63. പ്രതിധ്വനി കേൾക്കാൻ പ്രതിപതനതലവും സ്രോതസ്സും തമ്മിലുള്ള കുറഞ്ഞ അകലം താഴെപ്പറയുന്നവയിൽ ഏതാണ്?

(A) 15 m
(B) 16 m
(C) 17 m
(D) 18 m

64. ഹൈഡ്രജന്റെ റേഡിയോ ആക്ടീവായ ഐസോട്ടോപ്പ് ഏത്?

(A) പ്രോട്ടിയം
(B) ഡ്യൂട്ടിരിയം
(C) ഓസോൺ
(D) ട്രിഷ്യം

65. താഴെപ്പറയുന്നവയിൽ ഭൗമഗ്രഹങ്ങളിൽപ്പെടാത്തത് ഏത്?

(A) ബുധൻ
(B) യുറാനസ്
(C) ശുക്രൻ
(D) ചൊവ്വ

66. സിമന്റ് നിർമ്മാണ വേളയിൽ സെറ്റിങ് സമയം നിയന്ത്രിക്കാൻ ചേർക്കുന്ന പദാർത്ഥം ഏത്?

(A) ജിപ്സം
(B) പ്ലാസ്റ്റർ ഓഫ് പാരീസ്
(C) മണൽ
(D) സിലിക്ക

67. ഡിഗ്രി സെൽഷ്യസ് സ്കെയിലിലെ 35°C ന് സമാനമായി ഫാരൻഹൈറ്റ് സ്കെയിലിലെ താപനില എത്ര?

(A) 98°F
(B) 95°F
(C) 100°F
(D) 35°F

68. ഒരു ഫിലമെന്റ് ലാമ്പിൽ നടക്കുന്ന ഊർജ്ജമാറ്റം എന്ത്?

(A) വൈദ്യുതോർജ്ജം രാസോർജ്ജമാവുന്നു

(B) വൈദ്യുതോർജ്ജം പ്രകാശോർജ്ജമാവുന്നു

(C) വൈദ്യുതോർജ്ജം താപോർജ്ജമാവുന്നു

(D) പ്രകാശോർജ്ജം യാന്ത്രികോർജ്ജമാവുന്നു

69. ശരീരകോശങ്ങൾക്ക് കേടുണ്ടാകാതെ സൂക്ഷ്മാണുക്കളെ നിയന്ത്രിക്കുന്നതിന് സഹായിക്കുന്ന ഔഷധങ്ങളെ പറയുന്ന പേര് എന്ത്?

(A) അനാൾജസിക്കുകൾ

(B) ആന്റിസെപ്റ്റിക്കുകൾ

(C) അന്റാസിഡുകൾ

(D) ആന്റിബയോട്ടിക്കുകൾ

70. പ്രവൃത്തിയുടെ നിരക്കിന്റെ യൂണിറ്റ് എന്ത്?

(A) വാട്ട്

(B) ജൂൾ

(C) ന്യൂട്ടൻ

(D) സെക്കന്റ്

71. 'മനുഷ്യശരീരത്തിലെ അരിപ്പ' എന്നറിയപ്പെടുന്ന അവയവം :

(A) ഹൃദയം

(B) കരൾ

(C) വൃക്ക

(D) ത്വക്ക്

72. ജീവകം-D യുടെ അഭാവം മൂലമുണ്ടാകുന്ന രോഗമാണ് :

(A) കണ

(B) നിശാന്ധത

(C) സ്കർവി

(D) ബെറിബെറി

73. താഴെ പറയുന്നവയിൽ വൈറസ് മൂലമുണ്ടാകുന്ന രോഗമാണ് :

(A) കോളറ

(B) ഡെങ്കിപ്പനി

(C) മലമ്പനി

(D) എലിപ്പനി

74. ഇൻഡ്യയിലെ ആദ്യത്തെ പോളിയോ വിമുക്ത ജില്ല :

(A) കൊല്ലം

(B) തിരുവനന്തപുരം

(C) കോട്ടയം

(D) പത്തനംതിട്ട

75. കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന ധാന്യവിള :

(A) ഗോതമ്പ്

(B) നെല്ല്

(C) ബാർലി

(D) ചോളം

76. താഴെ പറയുന്നവയിൽ സങ്കരയിനം മരച്ചീനി :

(A) അന്നപൂർണ്ണ

(B) കേരശ്രീ

(C) ശ്രീവിശാഖം

(D) പ്രിയങ്ക

77. കേരളത്തിലെ കുരുമുളക് ഗവേഷണ കേന്ദ്രം സ്ഥിതിചെയ്യുന്നത് എവിടെ?

(A) പട്ടാമ്പി

(B) ശ്രീകാര്യം

(C) മങ്കൊമ്പ്

(D) പന്നിയൂർ

78. സൈലന്റ്‌വാലി നാഷണൽ പാർക്കിൽ കാണപ്പെടുന്ന വംശനാശഭീഷണി നേരിടുന്ന മൃഗമേത്?

(A) സിംഹവാലൻ കുരങ്ങ്

(B) കാട്ടുപന്നി

(C) കാട്ടുപോത്ത്

(D) ആന

79. ലോകപരിസ്ഥിതി ദിനമായി ആചരിക്കപ്പെടുന്നത് എന്ന്?

(A) മെയ് 5

(B) ഡിസംബർ 5

(C) ജൂലൈ 5

(D) ജൂൺ 5

80. പഴങ്ങളെ കൃത്രിമമായി പഴുപ്പിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുവേത്?

(A) സോഡിയം ബെൻസോയേറ്റ്

(B) സോഡിയം ബൈ കാർബണേറ്റ്

(C) കാൽസ്യം കാർബൈഡ്

(D) കാൽസ്യം ക്ലോറൈഡ്

81. 7/5 നോട് ഏത് ഭിന്നസംഖ്യ കൂട്ടിയാൽ 31/15 കിട്ടും?

(A) 5/2

(B) 5/7

(C) 2/3

(D) 7/15

82. $2\,(5 \times 3 - 7 \div 2 + 6) =$

(A) 35

(B) 40

(C) 45

(D) 25

83. $(0.01)^2 + (0.1)^4$ എന്ന തുകയ്ക്ക് തുല്യമായ ഭിന്നസംഖ്യാ രൂപം :

(A) $2/10^5$

(B) $2/10^4$

(C) $2/10^3$

(D) $2/10^2$

84. ഒരു സ്കൂളിലെ 15 അദ്ധ്യാപകരുടെ ശരാശരി പ്രായം 40 വയസ്സാണ്. അവരിൽ 55 വയസ്സുള്ള ഒരാൾ പിരിഞ്ഞ് പോയി. പകരം 25 വയസ്സുള്ള ഒരാൾ വന്ന് ചേർന്നു. ഇപ്പോൾ അവരുടെ ശരാശരി പ്രായം എന്ത്?

(A) 28

(B) 30

(C) 38

(D) 40

85. ഒരു സമചതുരത്തിന്റെ പരപ്പളവ് 3600 ച.സെ.മീ. ആയാൽ അതിന്റെ ചുറ്റളവ് എത്ര?

(A) 220
(B) 360
(C) 200
(D) 240

86. 16, 18, 24, 42 എന്നീ സംഖ്യകൾ കൊണ്ട് നിശ്ശേഷം ഹരിക്കാവുന്ന ഏറ്റവും ചെറിയ സംഖ്യ ഏത്?

(A) 1004
(B) 1028
(C) 1008
(D) 1006

87. 250 മീറ്റർ നീളമുള്ള ഒരു തീവണ്ടി 400 മീറ്റർ നീളമുള്ള പ്ലാറ്റ്ഫോം കടന്നുപോകാൻ 30 സെക്കന്റ് എടുത്തു എങ്കിൽ തീവണ്ടിയുടെ വേഗത കി.മീ./മണിക്കൂറിൽ എത്രയായിരിക്കും?

(A) 78 കി.മീ./മണിക്കൂർ
(B) 80 കി.മീ./മണിക്കൂർ
(C) 88 കി.മീ./മണിക്കൂർ
(D) 70 കി.മീ./മണിക്കൂർ

88. ഒരു ചെരിപ്പ് കച്ചവടക്കാരൻ ചെരിപ്പുകൾക്ക് 60% വില കൂട്ടിയശേഷം 30% ഡിസ്കൗണ്ട് നൽകുന്നു. കച്ചവടത്തിൽ ലാഭമോ, നഷ്ടമോ, എത്ര ശതമാനം?

(A) 12% നഷ്ടം
(B) 12% ലാഭം
(C) 30% നഷ്ടം
(D) 30% ലാഭം

89. ചുവടെയുള്ള സംഖ്യകളിൽ വ്യത്യസ്തമായത് ഏത്?

(A) 8
(B) 9
(C) 10
(D) 11

90. 0 = A, 1 = B, 2 = C എന്നിങ്ങനെ തുടർന്നാൽ.927 നെ.സൂചിപ്പിക്കുന്നത് ഏത്?

(A) JCH
(B) ICH
(C) JIC
(D) JHC

91. അനിൽ ഒരു ക്യൂവിൽ മുന്നിൽ നിന്ന് 25-ാമതും, പിന്നിൽ നിന്ന് 20-ാമതും ആയാൽ ക്യൂവിൽ ആകെ എത്ര ആളുകൾ ഉണ്ടായിരിക്കും?

(A) 45
(B) 43
(C) 44
(D) 46

92. 2, 5, 14, 41 .... എന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത്?

(A) 102
(B) 122
(C) 112
(D) 104

93. $+ = \div$, $\div = \times$, $\times = -$, $- = +$ ആയാൽ $18 \div 4 + 2 \times 18 - 4$ ന്റെ വില എന്ത്?

(A) 24
(B) 42
(C) 36
(D) 22

94. $\sqrt{30+\sqrt{31+\sqrt{22+x}}}$ എന്നതിന് ഒരു പൂർണ്ണസംഖ്യ വിലയായി ലഭിക്കണമെങ്കിൽ $x$ ന്റെ വില :

(A) 4
(B) 3
(C) 5
(D) 6

95. അജയന് വിജയനേക്കാൾ 6 വയസ്സ് കൂടുതലാണ്. മനുവിന് വിജയനേക്കാൾ 4 വയസ്സ് കുറവുമാണ്. രണ്ട് വർഷം കഴിയുമ്പോൾ വിജയന്റെ വയസ്സ് മനുവിന്റെ വയസ്സിന്റെ രണ്ട് മടങ്ങാകും. എന്നാൽ മനുവിന്റെ വയസ്സെത്ര?

(A) 6
(B) 4
(C) 8
(D) 10

96. ഒരു കുടുംബത്തിൽ അച്ഛനും, അമ്മയും, അവർക്ക് വിവാഹിതരായ മൂന്ന് മക്കളുമുണ്ട്. മക്കൾക്കെല്ലാം രണ്ട് മക്കൾ വീതവുമുണ്ട്. കുടുംബത്തിലെ ആകെ അംഗങ്ങൾ എത്ര?

(A) 7
(B) 8
(C) 14
(D) 12

97. രണ്ട് സംഖ്യകളുടെ ല.സാ.ഗു. 2000 വും, ഉ.സാ.ഘ. 10-ഉം ആണ്. അവയിൽ ഒരു സംഖ്യ 80 ആയാൽ രണ്ടാമത്തെ സംഖ്യ ഏത്?

(A) 200
(B) 220
(C) 225
(D) 250

98. ROCK എന്നതിനെ 3125 എന്നും, MELA എന്നതിനെ 4678 എന്നും സൂചിപ്പിച്ചാൽ KERALA എന്നതിനെ എങ്ങിനെ സൂചിപ്പിക്കാം?

(A) 536878
(B) 563878
(C) 537868
(D) 573868

99. $\frac{x}{y}=\frac{2}{3}$ ആയാൽ $\frac{5x+2y}{5x-2y}$ എത്ര?

(A) $\frac{19}{11}$
(B) $\frac{7}{3}$
(C) 4
(D) 6

100. ABCDE എന്നീ വീടുകൾ ഒരേ നിരയിലാണ്. 'A', B യുടെ വലതുഭാഗത്തും, C യുടെ ഇടതുഭാഗത്തുമാണ്. 'E', A യുടെ വലതുഭാഗത്തും 'B', D യുടെ വലതുഭാഗത്തുമാണ്. ഏത് വീടായിരിക്കും മദ്ധ്യത്തിൽ?

(A) B
(B) C
(C) D
(D) A